**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പോലീസിന്റെ കുറ്റാന്വേഷണത്തിലുള്ള മികവും അന്വേഷണ പുരോഗതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റാന്വേഷണത്തിൽ സംസ്ഥാന പോലീസിന്റെ മികവ് വിലയിരിത്തിയിട്ടുണ്ടോ; കുറ്റാന്വേഷത്തിൽ ആധുനിക രീതികൾ അവലംബിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് കുറ്റാന്വേഷണ രംഗത്ത് മികവാർന്ന പ്രവർത്തനമാണ് കാഴ്ചവെച്ചിരിക്കുന്നത്. തെളിവുകൾ അവശേഷിപ്പിക്കാതെ അന്വേഷണത്തിൽ വിഷമകരമായിട്ടുള്ള നിരവധി കുറ്റകൃത്യങ്ങളുടെ അന്വേഷണം ശാസ്ത്രീയ തെളിവുകളുടെ സഹായത്തോടെയും മികച്ച അന്വേഷണ പാടവത്തോടെയും തെളിവിൽക്കൊണ്ടു വന്ന് കുറ്റക്കാർ ക്കെതിരെ കോടതി മുമ്പാകെ കുറ്റപത്രം ഹാജരാക്കുകയും പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുള്ളത് ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ പ്രശംസിച്ചുകൊണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കുറ്റാന്വേഷണത്തിൽ ആധുനിക രീതികൾ അവലംബിക്കുന്നതിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്തി തസ്തികകൾ അനുവദിക്കുകയും സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി ജില്ലകൾതോറും സൈബർ പോലീസ് സ്റ്റേഷനുകളും വനിതകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനിത പോലീസ് സ്റ്റേഷനുകളും കേസ്സുകളുടെ തെളിവ് ശേഖരണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള ഫോറൻസിക് സയൻസ് ലാബുകളും ജില്ലകളിൽ സ്ഥാപിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് കേസന്വേഷണത്തെ സംബന്ധിച്ച് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിന് ജില്ലകൾ തോറും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൈബർ ക്രൈം DNA ഫിംഗർ |

| | | | |
|---|---|---|---|
| | | | പ്രിൻറിംഗ് തുടങ്ങിയ ആധുനിക ടെക്നോളജികൾ ഉൾപ്പെടുത്തി പരിശീലനങ്ങൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയും ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിന് ശാസ്ത്രോപകരണങ്ങൾ ആയ DNA SEQUENCER ADVANCED EQUIPMENT FOR DOCUMENT EXAMINATION ,DIGITAL MICROSCOPE ZOOM, STEREO MICROSCOPE FTR SPECTROMETER, REFRACTOMETER PCR MACHINE ULTRA LOW TEMPERATURE FREEZER REFRIGERATED CENTRIFUGE HIGH PRECISION LIQUID CHROMATOGRAPH, GAS CHROMATOGRAPH WITH MASSPECTROMETER, UWIS SPECTROMETER, FLOURASCENT MICROSCOPE SHAKING WATERBATH, IRON CHROMATOGRAPH ENERGY DISPERSIVE x-RAY FLUORESCENCE എന്നിവ ലഭ്യമാക്കിയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രീകരിച്ച് സൈബർ ഡോമുകൾ സ്ഥാപിച്ചും അടിസ്ഥാന വികസന സാകര്യങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | എ.കെ.ജി. സെന്ററിന് നേരെ സ്ഫോടകവസ്തു എറിഞ്ഞ കേസിൽ പ്രതികളെയെല്ലാം കണ്ടെത്താനായിട്ടുണ്ടോ; എങ്കിൽ, പ്രതികൾ, അവരുടെ രാഷ്ട്രീയബന്ധം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ; | (ബി) | എ. കെ.ജി സെന്ററിനു നേരെ സ്ഫോടക വസ്തു എറിഞ്ഞതുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് സ്റ്റേഷ ൻ ക്രൈം 721 /2022 U/s 436 IPC & 3(a) Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും കേസ് നിലവിൽ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി പ്രതികളായ 1)ജിതിൻ, 2) സുഹൈൽ ഷാജഹാൻ,3) സുബീഷ് സുരേന്ദ്രൻ, 4) നവ്യ എന്നീ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. കേസിലെ പ്രതികളെല്ലാം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരാണ്. . |
| (സി) | പ്രതികളെ കണ്ടെത്തുന്നതിന് മുമ്പ് തന്നെ എ.കെ.ജി. സെന്റർ ആക്രമണത്തിൽ മുഖ്യ പ്രതിപക്ഷ പാർട്ടിക്കാരെ അറസ്റ്റ് ചെയ്താൽ നിയമം ലംഘിക്കുമെന്ന മുഖ്യ പ്രതിപക്ഷ പാർട്ടി പ്രസിഡന്റിന്റെ, മാധ്യമങ്ങളിലൂടെ വന്നതായി പറയപ്പെടുന്ന പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്രമണത്തിന് പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷണ വിധേയമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.കെ.ജി സെന്റർ ആക്രമണത്തിനായി പ്രതികൾ ഗൂഡാലോചന നടത്തിയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വയനാട് എം. പി. യുടെ ഓഫീസിലെ മഹാത്മാ ഗാന്ധി ചിത്രം തകർത്ത കേസിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ചിരുന്നോ; പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമെന്നും അവരുടെ രാഷ്ട്രീയ ബന്ധവും അറിയിക്കാമോ? | (ഡി) | മഹാത്മഗാന്ധിയുടെ ഫോട്ടോ തകർത്തതുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ ക്രൈം നം. 555/2022 U/s 153 IPC പ്രകാരം കേസ് രജിസ്ററർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ നിന്നും 4 പ്രതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>രാഷ്ട്രപിതാവിന്റെ ചിത്രം വിദ്യാർത്ഥികൾ നിലത്തിട്ട തകർത്തു എന്ന നിലയിൽ സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ വിവിധ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്ത അതീവ ഗുരുതരമായ കുറ്റം സംബന്ധിച്ച കേസിന്റെ ഗൂഡാലോചന ഉൾപ്പെടെയുള്ള എല്ലാവശങ്ങളെയും പറ്റി സമഗ്രമായ അന്വേഷണം നടത്തി വരുന്നു.<br><br>തിരിച്ചറിഞ്ഞിട്ടുള്ള പ്രതികളെ സംബന്ധി ച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. രതീഷ് കുമാർ K.R (ശ്രീ. രാഹുൽ ഗാന്ധി M.P യുടെ PA, റവന്യൂ വകുപ്പിൽ സുൽത്താൻ ബത്തേരി സർവേ സുപ്രണ്ട് ഓഫീസിൽ സീനിയർ ക്ലാർക്ക് )<br><br>2. മുജീബ് K.A, (അസി, ഫീൽഡ് ഓഫീസർ,വെറ്ററിനറി സബ് സെൻറർ,ഓടപ്പള്ളം, മൂലങ്കാവ് ) - കേരളാ NGO അസോസിയേഷൻ വയനാട് ജില്ലാ സെക്രട്ടറി<br><br>3. നൌഷാദ് V, കോൺഗ്രസ്സ് പാർട്ടിയുടെ കൽപ്പറ്റ ബ്ലോക്ക് സോക്രട്ടറി.<br><br>4. രാഹുൽ S.R, വയനാട് M.P ഓഫീസിലെ സ്റ്റാഫ്. |

സെക്ഷൻ ഓഫീസർ